ട്രഷറി ഡിപ്പാർട്ടുമെൻറ് ജീവനക്കാരുടെ ആവശ്യങ്ങൾ

* 667 [727] ശ്രീ. സി.പി. ഗോവിന്ദൻ നമ്പ്യാർ:

,, കെ.പി. നൂറുദ്ദീൻ:

,, എൻ.പി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി ഡിപ്പാർട്ടുമെൻറ് ജീവനക്കാർ അവരുടെ ആവശ്യങ്ങൾ അടങ്ങുന്ന ഒരു നിവേദനം ഗവൺമെൻറിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവരുടെ മുഖ്യമായ ആവശ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) അതിൻമേൽ ഗവൺമെൻറ് എന്തു തീരുമാനമെടുത്തു?

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ): (എ) ട്രഷറി ഡിപ്പാർട്ടുമെൻറ് ജീവനക്കാർ കാലാകാലങ്ങളിൽ അവരുടെ വിവിധ ആവശ്യങ്ങൾ അടങ്ങുന്ന നിരവധി നിവേദനങ്ങൾ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ചോദ്യം ഏത് നിവേദനത്തെക്കുറിച്ചാണ് എന്നു വ്യക്തമല്ലാത്തതിനാൽ ശരിയായ മറുപടി പറയുവാൻ കഴിയുന്നില്ല.

(ബി) ഇപ്പോൾ എഴുത്തുകുത്തിലിരിക്കുന്ന ഒരു നിവേദനം, എല്ലാ ട്രഷറികളിലും ഓരോ ടൈപ്പിസ്റ്റുമാരെ വീതം നിയമിക്കുകയെന്നുള്ളതാണ്.

(സി) ട്രഷറി ഡയറക്ടറിൽനിന്നും കൂടുതൽ വിവരങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭിച്ചുകഴിഞ്ഞാൽ വിശദമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

ശ്രീ. സി.പി. ഗോവിന്ദൻ നമ്പ്യാർ: ഇന്ന് ട്രഷറി ഡിപ്പാർട്ടുമെൻറ് ജീവനക്കാരുടെ സർവ്വീസ് ഡിസ്ട്രിക്ട് യൂണിറ്റ് സമ്പ്രദായത്തിലാണ്. അത് സ്റ്റേറ്റ് യൂണിറ്റ് സമ്പ്രദായത്തിലാക്കുവാൻ വേണ്ടി എന്തെങ്കിലും നിർദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ അത് എപ്രകാരമാണ്?

ശ്രീ. എസ്. വരദരാജൻ നായർ: ചോദ്യം നിവേദനം കിട്ടിയിട്ടുണ്ടോ എന്നുള്ളതാണ്. അവരുടെ ഒരു സംഘടനയിൽനിന്നും ഒരു നിവേദനവും കിട്ടിയിട്ടില്ല. പക്ഷേ ചില ട്രഷറി യൂണിറ്റുകളിൽനിന്നും അനുകൂലമായും പ്രതികൂലമായും ഉള്ള നിവേദനം കിട്ടിയിട്ടുണ്ട്. ട്രഷറി ഡിപ്പാർട്ടുമെൻറ് മുൻപ് റവന്യൂ ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ ആയിരുന്നു. റവന്യൂ ഡിപ്പാർട്ടുമെൻറിൽനിന്നും മാറിയപ്പോൾ അതിനനുസൃതമായി മാറണമെന്ന നിവേദനം ഉണ്ടായിരുന്നു. മലബാർ ഭാഗത്ത് 4 യൂണിറ്റുകളും മറ്റുള്ളതെല്ലാം കൂടി ഒരു യൂണിറ്റുമായി തീരുമാനിക്കുകയുണ്ടായി. അതനുസരിച്ച് താത്കാലികമായി ഗവൺമെൻറ് അംഗീകരിച്ചിരിക്കുന്നുവെന്നുള്ള തീരുമാനം എടുത്തു എന്നുള്ളതല്ലാതെ മറ്റുകാര്യങ്ങളൊന്നും ഉണ്ടായിട്ടില്ല. അതിനെക്കുറിച്ച് ഫൈനലായിട്ടുള്ള തീരുമാനം ഉണ്ടാകുന്ന അവസരത്തിൽ എല്ലാം കാര്യങ്ങളും പരിഗണിച്ച് മാത്രമേ എന്തെങ്കിലും ചെയ്യാൻ കഴിയൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.പി. നൂറുദ്ദീൻ: താത്വികമായി മാത്രമേ അംഗീകരിച്ചിട്ടുള്ളുവെന്നു പറഞ്ഞു. മലബാർ ഭാഗത്തുള്ള നാല് യൂണിറ്റുകളും ഇങ്ങേഭാഗത്തുള്ള ഒരു യൂണിറ്റും കൂടി ഒന്നാക്കി മാറ്റുന്ന അവസരത്തിൽ മലബാർഭാഗത്തെ ഉദ്യോഗസ്ഥൻമാരുടെ പ്രൊമോഷൻ സാധ്യതകളും മറ്റു സർവ്വീസ് പ്രശ്നങ്ങളുംകൂടി കണക്കിലെടുത്തുകൊണ്ട് വേണം എല്ലാം കൂടി ഒന്നാക്കുവാൻ എന്നുപറഞ്ഞുകൊണ്ട് എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ?

ശ്രീ. എസ്. വരദരാജൻ നായർ: അതിനെ സംബന്ധിച്ച് രണ്ട് അഭിപ്രായമാണുള്ളത്. എല്ലാംകൂടി സ്റ്റേറ്റ് യൂണിറ്റ് ആക്കിയാൽ പ്രൊമോഷൻ സാധ്യത കൂടുമെന്നുള്ള അഭിപ്രായഗതിയും അപ്രകാരം ചെയ്താൽ പ്രൊമോഷൻ സാധ്യത കൂടുകയില്ലായെന്നുള്ള അഭിപ്രായഗതിയും ഉണ്ട്. അപ്പോഴും ഏതാണ് ശരി എന്നുള്ളതിനെക്കുറിച്ച് ഒരു തീരുമാനമെടുക്കേണ്ടതുണ്ട്.

ശ്രീ. എൻ. പി. മൊയ്തീൻ: പല ട്രഷറികളിലും വർക്ക്ലോഡ് കൂടുതൽ ആണെന്നുള്ള കാരണത്താൽ ഓവർടൈം സമ്പ്രദായം നിലനിൽക്കുന്നുണ്ട്. അങ്ങനെയാണെങ്കിൽ ഈ ഓവർടൈം സമ്പ്രദായം അവസാനിപ്പിക്കുന്നതിനുവേണ്ടി കൂടുതൽ ആളുകളെ നിയമിക്കുവാൻ ഗവൺമെൻറ് തയ്യാറാകുമോ?

*

ശ്രീ. എസ്. വരദരാജൻ നായർ: അടുത്തകാലത്തായി സാധാരണ ട്രഷറിജോലികൾക്ക് പുറമേ കൂടുതൽ ജോലി ഉണ്ടായിട്ടുണ്ട്. സി.ഡി. അതോടൊപ്പം വന്നതാണ്. സ്വാഭാവികമായും കൂടുതൽ ജോലി ഉണ്ടെന്നുള്ളത് ശരിയാണ്. അതനുസരിച്ച് ഓവർടൈം ചെയ്യേണ്ടതായിവരും. വിശേഷിച്ചും ആണ്ടവസാനം കൂടുതൽ ജോലിവരുന്നതിന് ഓവർടൈം ഉണ്ട്. പിന്നെ റെഗുലറായി ഓവർടൈം കൊടുക്കുന്ന ഏർപ്പാട് എല്ലാ ട്രഷറികളിലും ഇല്ല. ഇതിനെക്കുറിച്ച് ശരിയായ ഒരു പഠനം നടത്തിയശേഷം മാത്രമേ എന്തെങ്കിലും തീരുമാനമെടുക്കുവാൻ സാധിക്കൂ.

ശ്രീ. കെ. സി. വാമദേവൻ: എല്ലാം കൂടി സ്റ്റേറ്റ് യൂണിറ്റായി മാറ്റുമ്പോൾ സർവ്വീസ് കൂടിയ ആളുകളേക്കാൾ സർവ്വീസ് കുറഞ്ഞ ജൂനിയേഴ്സിന് ഉയർന്ന തസ്തികകളിലേക്ക് പ്രൊമോഷൻ കിട്ടാനുള്ള പുറപ്പാട് ഉണ്ടാകുമെന്നുള്ളത് പരിഗണിച്ച് സർവ്വീസിന് തുല്യമായ മാനദണ്ഡം കൊടുത്തുകൊണ്ട് യൂണിറ്റ് ഏകീകരിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. എസ്. വരദരാജൻ നായർ: അത് തന്നെയാണ് താത്വികമായി അംഗീകരിച്ചുവെന്നു പറഞ്ഞത്.

ശ്രീ. ആര്യാടൻ മുഹമ്മദ്: താത്വികമായി ഗവൺമെൻറ് ഒരു യൂണിറ്റായി അംഗീകരിച്ചുവെന്നു പറയുന്നതുകൊണ്ട് നിലവിലുള്ള മലബാറിലെ ഉദ്യോഗസ്ഥൻമാരുടെ താൽപ്പര്യത്തിന് വിരുദ്ധമാണെന്നും അവരുടെ പ്രൊമോഷനേയും മറ്റു കാര്യങ്ങളേയും പ്രതികൂലമായി ബാധിക്കുമെന്നുള്ളത് പരിഗണിച്ച് ഇന്നു നിലവിലുള്ള സമ്പ്രദായം തുടരുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. വരദരാജൻനായർ: അതാണ് ഞാൻ പറഞ്ഞത് രണ്ട് അഭിപ്രായം ഉണ്ടെന്ന്. അനുകൂലമായും പ്രതികൂലമായും ഉള്ള അഭിപ്രായഗതികളുണ്ട്. പ്രൊമോഷൻ മാത്രമല്ല അതിലുള്ള കാര്യം. ഒരുദാഹരണം പറഞ്ഞാൽ, ഒരു യൂണിറ്റിൽ ഇരിക്കുന്നതുകൊണ്ട് ആ യൂണിറ്റിലെ ജീവനക്കാർക്ക് വേറൊരു യൂണിറ്റിലേക്ക് ട്രാൻസ്ഫറായി പോകണമെങ്കിൽ തന്നെ വളരെയധികം ബുദ്ധിമുട്ടുണ്ട്. ആ യൂണിറ്റിൽ തന്നെ ഇരിക്കേണ്ടതായി ഉണ്ട്. അതുകൊണ്ട് പ്രായോഗികമായ ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. ചിലയവസരത്തിൽ ചില പ്രത്യേക ആനുകൂല്യങ്ങൾ ചിലർക്ക് ലഭിക്കുന്നുണ്ട്. സീനിയോറിട്ടി ലിസ്റ്റ് ഉണ്ടാക്കുകയും ഓരോ കേസിനെപ്പറ്റിയും പഠിക്കുകയും ചെയ്തതിനു ശേഷം മാത്രമേ അന്തിമമായ ഒരു തീരുമാനം എടുക്കുവാൻ സാധിക്കൂ.

ശ്രീ. സി.എ. കുര്യൻ: സാധാരണജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ പുതുതായി സബ് ട്രഷറികൾ ഗ്രാമപ്രദേശങ്ങളിൽ സ്ഥാപിക്കുവാൻ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെങ്കിലും സ്ഥാപിച്ചിട്ടുണ്ടോ?

ശ്രീ. എസ്. വരദരാജൻ നായർ: ഈ ഉപചോദ്യത്തിന് ഈ ചോദ്യവുമായി ബന്ധമുണ്ടോയെന്നറിയുകയില്ല. പലയിടത്തുനിന്നും നിവേദനം വരുന്നുണ്ട്. കഴിയുന്നിടത്തോളം സാധാരണജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ, ട്രഷറികൾ ഉണ്ടാക്കുന്നതിനുള്ള മറ്റു സാഹചര്യങ്ങളുണ്ടോ, ഉണ്ടാക്കുവാൻ ഉള്ള കാര്യമുണ്ടോ എന്നുള്ള കാര്യങ്ങൾ നോക്കേണ്ടതാണ്. കൂടാതെ സബ് ട്രഷറികൾ സ്ഥാപിക്കാൻ പഞ്ചായത്തുകളുടെ സഹകരണം കൂടി ആവശ്യമാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ചില സബ് ട്രഷറികളിൽ ജോലി കൂടുതലാണ്. എറണാകുളം ട്രഷറിയിൽ സന്ധ്യവരെ ഇരുന്നു ഉദ്യോഗസ്ഥൻമാർ ജോലി ചെയ്താലും പൂർണ്ണമായി നിർവ്വഹിക്കുവാൻ സാധിക്കുന്നില്ലായെന്നുള്ള ആക്ഷേപമുണ്ട്. അതുകൊണ്ട് ജോലി കുറയ്ക്കുവാനും സൗകര്യം വർദ്ധിപ്പിക്കുവാനുംവേണ്ടി കൂടുതൽ സബ് ട്രഷറികൾ തുറക്കുവാൻ എന്തെങ്കിലും ആലോചനയുണ്ടോ?

ശ്രീ. എസ്. വരദരാജൻ നായർ: ആലോചന അല്ല, തുറന്നുകൊണ്ടേ ഇരിക്കുകയാണ്.

ശ്രീ. എസ്. ത്യാഗരാജൻ: ട്രഷറിയിലെ പണമിടപാടുകൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിനെ ഏൽപ്പിച്ച നടപടി ശരിയല്ലായെന്നു പറഞ്ഞുകൊണ്ടും പണമിടപാടുകൾ ട്രഷറി ഡിപ്പാർട്ടുമെൻറിനെ തന്നെ ഏൽപ്പിക്കണമെന്നു പറഞ്ഞുകൊണ്ടും ട്രഷറി ജീവനക്കാർ എന്തെങ്കിലും നിവേദനം സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചോ?

ശ്രീ. എസ്. വരദരാജൻ നായർ: അങ്ങനെ പരാതി ഉണ്ടായിട്ടുണ്ട്. ആ പരാതിയിൽ എത്രത്തോളം കഴമ്പുണ്ടെന്നു പരിശോധിക്കുവാൻ കൊടുത്തിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സേവ്യർ അറയ്ക്കൽ: പുതിയ സബ് ട്രഷറികളും തുറന്നു കൊണ്ടേ ഇരിക്കുന്നുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. എത്ര തുറന്നുവെന്നും എവിടെയായിരിക്കും എന്നുംകൂടി പറയുവാൻ ദയ വുണ്ടാകുമോ?

ശ്രീ. എസ്. വരദരാജൻ നായർ: എന്ന്, എവിടെ, എപ്പോൾ തുറക്കു മെന്നു ചോദിച്ചാൽ ഇപ്പോൾ മറുപടി പറയുവാൻ പ്രയാസമാണ്.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: പുതിയ സബ്ട്രഷറികളും തുറന്നു കൊണ്ടേ ഇരിക്കുന്നുവെന്നാണ് മന്ത്രി പറഞ്ഞത്. ഈ കൊല്ലം എത്ര സബ് ട്രഷറികളും എവിടെയെല്ലാം തുറക്കുവാൻ ആലോചനയുണ്ട്?

ശ്രീ. എസ്. വരദരാജൻ നായർ: ഞാൻ സത്യപ്രതിജ്ഞ ചെയ്ത തിനുശേഷം 5 സബ്ട്രഷറികളും തുറന്നിട്ടുണ്ട്.

ശ്രീ. ടി. എം. ജേക്കബ്: നമ്മുടെ സംസ്ഥാനത്ത് സബ് ട്രഷറികളും പുതുതായി തുറന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ മുമ്പത്തെ നിലയിലുള്ള പ്രവർത്തനത്തിൽ കുറച്ചുകൂടി മാറ്റമുണ്ടാക്കി ക്കൊണ്ട് ബാങ്കിംഗ് സമ്പ്രദായം നടപ്പിലാക്കിയിരിക്കുകയാണ്. അതു കൊണ്ട് മുമ്പത്തെപ്പോലെതന്നെ ബാങ്കിംഗ് സമ്പ്രദായം എല്ലാ ട്രഷറി കളിലും സബ്ട്രഷറികളിലുംകൂടി നടപ്പിലാക്കുവാൻ നടപടി സ്വീക രിക്കുമോ?

ശ്രീ. എസ്. വരദരാജൻ നായർ: മിക്കവാറുമുള്ള ബാങ്കിംഗ് സൗകര്യങ്ങളെല്ലാം സബ് ട്രഷറിവഴി ചെയ്യുന്നുണ്ട്. എല്ലാ ബാങ്കിംഗ് സൗക ര്യങ്ങളും സബ് ട്രഷറികളിൽ കൂടി നടത്തുകയെന്നു പറയുന്നത് അത്ര പ്രായോഗികമല്ല.

ശ്രീ. എ. എ. റഹിം: ഇന്നു ട്രഷറിയിലെ പണമിടപാടുകളും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിനേയും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയെയും ഏൽപ്പിച്ചിരിക്കുകയാണ്. എന്ത് വ്യവസ്ഥയുടെ അടി സ്ഥാനത്തിലാണ് ഇപ്രകാരം ബാങ്കുകളെ ഏൽപ്പിച്ചിട്ടുള്ളത്, വല്ല കമ്മീഷൻ വ്യവസ്ഥയുമുണ്ടോ?

ശ്രീ. എസ്. വരദരാജൻ നായർ: ഈ ചോദ്യം ബഹുമാനപ്പെട്ട മെമ്പർ വായിച്ചുനോക്കിയോ എന്നറിയുകയില്ല. ട്രഷറി ജീവനക്കാരെ സംബന്ധിച്ചുള്ളതാണ് ചോദ്യം. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻ കൂറിനെയും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയെയും പണമിടപാടുകളും നടത്തുവാൻ അധികാരപ്പെടുത്തിയിട്ടുണ്ട്. അവരുടേതായ ചില വ്യവ സ്ഥകൾക്ക് വിധേയമായി പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. പി. നൂറുദ്ദീൻ: പുതിയ ട്രഷറികളും തുറന്നുകൊണ്ടി രിക്കുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ചില സ്ഥലങ്ങളിൽ അനുവാദം കിട്ടിയിട്ടും കെട്ടിടം ഉണ്ടാക്കിക്കൊടുക്കുവാൻ പഞ്ചായത്തിന് കഴിയാത്തതിന്റെ ഫലമായി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്ന വസ്തുത പരിഗണിച്ച് അത്തരം സ്ഥലങ്ങളിൽ കെട്ടിടം ഉണ്ടാക്കുന്നതിനും ഡിപ്പാർട്ടു മെന്റിന്റെ വകയായി സ്ട്രോങ്ങ് റൂം നിർമ്മിക്കുന്നതിനും ആവശ്യ മായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. വരദരാജൻ നായർ: മിക്കവാറും സ്ഥലങ്ങളിൽ പഞ്ചായത്ത് കെട്ടിടംകെട്ടി ഗവൺമെന്റിനെ ഏൽപ്പിക്കും. ചിലർ വെറുതെ ഏൽപ്പിക്കാമെന്ന് സമ്മതിച്ചിട്ടുള്ളവരാണ്. ചിലർ വാടകയ്ക്ക് ഏൽപ്പിക്കാമെന്ന് സമ്മതിച്ചിട്ടുള്ളവരാണ്. അങ്ങനെയുള്ളവർക്ക് മുൻഗണന നൽകുന്നുവെന്നുള്ളതാണ് ഇന്ന് നിലവിലുള്ള വ്യവസ്ഥ.

ശ്രീ. പി. പി. എസ് തോമസ്: ഇന്ന് സൗകര്യപ്രദമായി ആളുകൾക്ക് ട്രഷറിയിൽ ബിസിനസ്സ് നടത്താൻ സൗകര്യമുള്ള ചില ട്രഷറികൾ ബൈഫർക്കേറ്റ് ചെയ്യുന്നതിന്റെ ഫലമായി ആ സ്ഥലത്തുള്ള ആളുകൾക്ക് പുതിയ ട്രഷറിയിലേക്ക് വളരെക്കൂടുതൽദൂരം വരേണ്ട പരിതഃസ്ഥിതിയുണ്ട്. അത് പരിഗണിച്ച് പുതിയ ട്രഷറികൾ സ്ഥാപിക്കുമ്പോൾ ഭൂമിശാസ്ത്രപരമായ കാര്യംകൂടി പരിഗണിച്ച് അതിർത്തി നിശ്ചയിക്കുന്നതിന് മുൻഗണന നൽകുന്നതിന് ശ്രമിക്കുമോ?

ശ്രീ. എസ്. വരദരാജൻ നായർ: ട്രഷറി സ്ഥാപിക്കുന്നതിനു തീരുമാനമെടുക്കുമ്പോൾ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം ഭൂമിശാസ്ത്രപരമാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: പഞ്ചായത്തുകൾ കെട്ടിടം കെട്ടി കൊടുക്കുന്ന സ്ഥലങ്ങളിൽ എല്ലാം സബ് ട്രഷറി തുടങ്ങുന്നുവെന്ന് മന്ത്രി പറഞ്ഞു. സബ് ട്രഷറി തുടങ്ങുന്നതിന് പ്രത്യേക നോംസുണ്ടോ? ഉണ്ടെങ്കിൽ എന്താണ്?

ശ്രീ. എസ്. വരദരാജൻ നായർ: പഞ്ചായത്തുകൾ കെട്ടിടംകെട്ടി തരുന്ന സ്ഥലത്തെല്ലാം ട്രഷറി തുടങ്ങാമെന്ന് പറഞ്ഞിട്ടില്ല. എവിടെയെല്ലാം ആവശ്യമുണ്ടെന്ന് പരിശോധിച്ചതിനുശേഷം തുടങ്ങും. ചില അംഗങ്ങൾ പറഞ്ഞതുപോലെ ചില ട്രഷറികളിൽ കൂടുതൽ ജോലിയുണ്ടായിരിക്കും. പുതിയതായി കൂടുതൽ സെയിൽസ് ടാക്സ് ആടയ്ക്കാനും അദ്ധ്യാപകരുടെ ബില്ല് മാറാനും അങ്ങനെയുള്ള സ്ഥലങ്ങളിൽ പരിശോധിച്ചതിനുശേഷം പഞ്ചായത്തുകൾ അതിനാവശ്യമായ കെട്ടിടവും സ്ട്രോങ്ങ് റൂംസുമെല്ലാം തരികയാണെങ്കിൽ മുൻഗണന കൊടുത്ത് തുറക്കുന്നതാണ്.

അടിസ്ഥാന നികുതി ലഭിക്കുന്ന ഭൂമി

* 668 [728] ശ്രീ. ഈപ്പൻ കണ്ടക്കുടി:

,, എം.വി. മാണി:

ഡോ. ജോർജ്ജ് മാത്യു:

ശ്രീ. പി.സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ അടിസ്ഥാന നികുതി പിരിക്കുന്ന എത്ര ഹെക്ടർ ഭൂമി ഉണ്ട്;

(ബി) കുത്തകപ്പാട്ട വ്യവസ്ഥയിൽ എത്ര ഹെക്ടർ ഭൂമി ഉണ്ട്;

(സി) കുത്തകപ്പാട്ട ഇനത്തിൽ ലഭിക്കുന്ന വരുമാനം എത്ര?

LIBRARY ARCHIVES Kerala Legislative Assembly